LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി ജില്ലയിലെ ഡി. പി. ഇ. പി. സ്കൂളുകളിൽ ഹെഡ്മാസ്റ്റർ തസ്തിക സൃഷ്ടിച്ച് നിയമനം നടത്താൻ നടപടി

100 [3626] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി. പി. ഇ. പി. യുടെ ഭാഗമായി ഇടുക്കി ജില്ലയിൽ എത്ര എൽ. പി. സ്കൂളുകളാണ് അനുവദിച്ചത്; ഇവ ഏതൊക്കെയാണ്; ഇപ്പോൾ എസ്. എസ്. എ. യുടെ കീഴിലുള്ള ഈ സ്കൂളുകളിൽ എത്ര കുട്ടികളുണ്ട്; അദ്ധ്യാപകരും അനദ്ധ്യാപകരുമായി എത്ര ജീവനക്കാരുണ്ട്;

(ബി) നാലാം ക്ലാസ്സ് പൂർത്തിയായ മുറയ്ക്ക് 2002-03 അദ്ധ്യയനവർഷം പ്രസ്തുത സ്കൂളുകളിൽ ഹെഡ്മാസ്റ്റർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സ്ക്കൂളുകളിലാണ്;

(സി) ഡി. പി. ഇ. പി. യുടെ ഭാഗമായി വയനാട് ജില്ലയിൽ എത്ര എൽ. പി. സ്കൂളുകളാണ് ആരംഭിച്ചത്; പ്രസ്തുത സ്കൂളുകളിൽ ഹെഡ്മാസ്റ്റർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഇതേപോലെ ഇടുക്കി ജില്ലയിലെ ഡി. പി. ഇ. പി. സ്കൂളുകളിലും ഹെഡ്മാസ്റ്റർ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പതിനഞ്ച് എൽ. പി. സ്കൂളുകളനുവദിച്ചു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഇല്ല.

(സി) ഡി. പി. ഇ. പി. യുടെ ഭാഗമായി വയനാട് ജില്ലയിൽ 24 സ്കൂളുകളാണ് ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത സ്കൂളുകളിൽ ഹെഡ്മാസ്റ്റർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ സ്കൂളുകളിൽ ഹെഡ്മാസ്റ്റർ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിശോധനയിലാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.